# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 08.11.2025 മുതൽ 12.11.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 45/2025 (89) വെള്ളിയാഴ്ച | തീയ്യതി 07/11/2025 |
|---|---|

## അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 08.11.2025 | 09.11.2025 | 10.11.2025 | 11.11.2025 | 12.11.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.4 | 3 | 0.2 | 0.1 | 2 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 3 | 2 | 3 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 290 | 200 | 290 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത. കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-.കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറു പരുവം | പോളരോഗം, ഇലപ്പുള്ളി രോഗം | ഹെക്സക്കോണസോൾ 5ഇസി 1.5 മില്ലി ഒരു ലിറ്ററിന് എന്ന തോതിൽ പാടത്തിലെ വെള്ളം വറ്റിച്ചശേഷം തളിക്കുക |
| തെങ്ങ് | ചെല്ലിക്കുത്ത് | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക, കൂമ്പിനുചുറ്റുമുള്ള 2-3 ഇലകവിളുകളിൽ 45 ദിവസംകൂടുമ്പോൾമണലുംപാറ്റാഗുളികയുംഅല്ലെങ്കിൽതുല്യഅളവ്മണലുംവേപ്പിൻപിണ്ണാക്കുംചേർത്ത്ഇടുക. മണ്ടവൃത്തിയാക്കിയശേഷം 20ഗ്രാംകാർട്ടാപ്പ്ഹൈഡ്രോക്ലോറൈഡ് 4G/ ഫിപ്രോനിൽ 0.3G/ കാർബോസൽഫാൻ 6Gഎന്നിവയിലേതെങ്കിലും 200 ഗ്രാംമണലുമായിചേർത്തുകൂമ്പിനുചുറ്റുമുള്ള 2-3 ഇലകവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നുപ്രാവശ്യം ചെയ്യാവുന്നതാണ്.മീൻ വലകുമ്പോലക്കചുറ്റുംകെട്ടുകയുംഇളക്കവിളിൽ ഇറക്കിവെക്കുകയുംചെയ്യുക. |
| വിവിധ വിളകളിൽ | ശലഭപ്പുഴുക്കൾ | വേപ്പിൻകുരു സത്ത് 5% [നന്നായി പൊടിച്ച വേപ്പിൻകുരു 50 ഗ്രാം കിഴികെട്ടി ഒരുലിറ്റർ വെള്ളത്തിൽ മുക്കി 12 മണിക്കൂർ വെക്കുക, ശേഷം കിഴി നന്നായി പലതവണ പിഴിഞ്ഞ്, പുറത്തുവരുന്ന വെള്ളം ക്ലിയർ ആകുന്നവരെ പിഴിഞ്ഞെടുത്തത്] തളിച്ച്കൊടുക്കാം. ബിവേറിയബസിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. ക്ലോറാൻട്രാലിനിപ്രോൾ 18.5 SC മൂന്നു മില്ലി ലി. പത്തുലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. |
| ശീതകാല പച്ചക്കറികൾ | നടീൽ | ഒരുമാസം പ്രായമായ തൈകൾ (സെന്റിനു തൊണ്ണൂറു മുതൽ നൂറു തൈകൾ എന്ന നിരക്കിൽ) കൃഷിയിടത്തേക്കു അല്ലെങ്കിൽ ഗ്രോബാഗുകളിലേക്കു പറിച്ചു നടാവുന്നതാണ്. സെന്റിനു100കി.ഗ്രാം. ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം അല്ലെങ്കിൽ കമ്പോസ്റ്റ് അടിവളമായി ചേർക്കാവുന്നതാണ്. |

മൃഗസംരക്ഷണം:- കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)